<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 57</u> <u>28-11-2018 -ൽ മറുപടിക്ക്</u>

<u>സംസ്ഥാനം നേരിട്ട പ്രളയം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.യു. ആർ. പ്രദീപ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസം ഉണ്ടായ മഹാപ്രളയം എത്ര പേരെ ബാധിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിട്ടുള്ളത്; | എ) | ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം 2018 ഓഗസ്റ്റ് മാസം കേരളത്തിലുണ്ടായ പ്രളയം 54 ലക്ഷം ആളുകളെ ബാധിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| ബി) | 2018 ആഗസ്റ്റ് 15,16,17,18 തീയതികളിൽ ഓരോ ദിവസവും പ്രളയ ബാധിത ജില്ലകളിൽ പെയ്ത മഴയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | ബി) | 2018 ഓഗസ്റ്റ് മാസം 15, 16, 17, 18 തീയതികളിൽ പ്രളയ ബാധിത ജില്ലകളിൽ പെയ്ത മഴയുടെ അളവ് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ (IMD) സ്റ്റേഷനുകളിലെ മഴ മാപിനികളിൽ രേഖപ്പെടുത്തിയത് **അനുബന്ധമായി** ചേർക്കുന്നു. |
| സി) | പ്രളയത്തിൽ കുടുങ്ങിപ്പോയ എത്ര പേരെയാണ് മത്സ്യത്തൊഴിലാളികൾ, പോലീസ്, ഫയർ ഫോഴ്സ്, നാവികസേന, വ്യോമസേന, ദുരന്ത നിവാരണ സേന തുടങ്ങിയ വിഭാഗങ്ങളുടെ കഠിന പ്രയത്നത്തി ലൂടെ രക്ഷപ്പെടുത്തിയിട്ടുള്ളത്; | സി) | മഹാ പ്രളയത്തിൽ കുടുങ്ങിപ്പോയ 6,41,508 ആളുകളെയാണ് മത്സ്യത്തൊഴിലാളികൾ, പോലീസ്, ഫയർഫോഴ്സ്, നാവികസേന, വ്യോമസേന, ദേശീയ ദുരന്ത നിവാരണ സേന തുടങ്ങിയ വിഭാഗങ്ങളുടെ കഠിന പ്രയത്നത്താൽ രക്ഷപ്പെടുത്തിയത്. |
| ഡി) | പ്രളയത്തിൽ കുടുങ്ങിയവരെ കാര്യമായ ആൾനാശം ഇല്ലാതെ രക്ഷിച്ചെടുക്കുന്നതിന് മത്സ്യതൊഴിലാളി കളെയും സന്നദ്ധ പ്രവർത്തകരെയും ഗവൺമെന്റ് സംവിധാനങ്ങളെയും സേനാ വിഭാഗങ്ങളെയും അണിനിരത്തി നടത്തിയ ദൗത്യം ദേശീയ - അന്തർ ദേശീയ തലത്തിൽ ശ്രദ്ധിക്ക പ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച വിലയിരുത്തൽ നടത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) | ഉണ്ട്. പ്രളയത്തിൽ കുടുങ്ങിക്കിടന്നവരെ താരതമ്യേന കുറഞ്ഞ ആൾനാശത്തോടെ രക്ഷിച്ചെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളും സന്നദ്ധപ്രവർത്തകരും സർക്കാരിന്റെ വിവിധ സംവിധാനങ്ങളും സേനാ വിഭാഗങ്ങളും അണിനിരന്നു നടത്തിയ രക്ഷാ ദൗത്യം ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) റിപ്പോർട്ടിൽ ഇത് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **15/08/2018** (അളവ് മില്ലിമീറ്ററിൽ ) | **16/08/2018** (അളവ് മില്ലിമീറ്ററിൽ ) | **17/08/2018** (അളവ് മില്ലിമീറ്ററിൽ ) | **18/08/2018** (അളവ് മില്ലിമീറ്ററിൽ ) |
|---|---|---|---|---|
| വയനാട് | 130.9 | 88.45 | 109.7 | 109.675 |
| തൃശ്ശൂർ | 119.8 | 222.9 | 133.0 | 20.4 |
| എറണാകുളം | 136.62 | 145.88 | 62.08 | 32.08 |
| കോട്ടയം | 90.2 | 100.93 | 70 | 42.9 |
| ഇടുക്കി | 206.4 | 260.48 | 122.9 | 81.78 |
| ആലപ്പുഴ | 105.36 | 77 | 56.13 | 41.82 |
| പത്തനംതിട്ട | 99.1 | 129.9 | 100.2 | 59.4 |
| **ആകെ** | **888.35** | **1025.5** | **654** | **388.055** |

S. b.